# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാഞ്ഞാള് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ ( പി 12)-791/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാഞ്ഞാള് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ ( പി 12)-791/2022 തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2020 മുതൽ 16-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 17-05-2022 | 26-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-05-2022 | 26-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രാംമനോഹർ.വി.കെ,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.സുധ.ഇ.എൻ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ. പി.ബി ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജോ ജോബ്,സിനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജൻ വെട്ടത്ത് | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 18-12-2020 |
| തങ്കമ്മ.വി | പ്രസിഡന്റ് | 18-12-2020 | 31-03-2021 |
| വർഗ്ഗീസ്.സി.എ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| രോഹിണി.എം.എസ് | സെക്രട്ടറി | 09-06-2020 | 02-08-2020 |
| ബേബി വൽസല.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-08-2020 | 06-08-2020 |

| | | | |
|---|---|---|---|
| ആൽഫ്രഡ് സോജൻ | സെക്രട്ടറി | 07-08-2020 | 05-03-2021 |
| ബേബി വൽസല.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 21-03-2021 |
| ബിന്ദു.വി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അമ്പിളി.പി.സി | അസി.സെക്രട്ടറി | 01-04-2020 | 29-07-2020 |
| ബേബി വൽസല.എൻ | അസി.സെക്രട്ടറി | 30-07-2020 | 31-03-2021 |
| ദിപിൻ.എം.എൻ | കൃഷി ഓഫീസർ | 01-04-2020 | 04-10-2020 |
| അജി.കെ.എ | കൃഷി ഓഫീസർ | 05-10-2020 | 03-12-2020 |
| ദിപിൻ.എം.എൻ | കൃഷി ഓഫീസർ | 04-12-2020 | 31-03-2021 |
| സൗമ്യ.ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ഷീജ മേനോൻ | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.സുനിൽ കുമാർ.പി.കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ശിവകുമാർ കൊത്തപ്പള്ളി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രാജേഷ്.എം.ബി | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| തങ്കമണി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| പ്രീത.കെ | വി.ഇ.ഒ, കിള്ളിമംഗലം | 01-04-2020 | 01-06-2020 |
| റോണി.എം.വൈ | വി.ഇ.ഒ, കിള്ളിമംഗലം | 02-06-2020 | 11-01-2021 |
| ജ്യോതി.എൻ.എൻ | വി.ഇ.ഒ, കിള്ളിമംഗലം | 12-01-2021 | 27-01-2021 |
| റോണി.എം.വൈ | വി.ഇ.ഒ, കിള്ളിമംഗലം | 28-01-2021 | 31-03-2021 |
| പ്രീത.കെ | വി.ഇ.ഒ, പൈങ്കുളം | 01-04-2020 | 02-06-2020 |
| റോണി.എം.വൈ | വി.ഇ.ഒ, പൈങ്കുളം | 02-06-2020 | 11-01-2021 |
| നൗഷാദ്.പി | വി.ഇ.ഒ, പൈങ്കുളം | 12-01-2021 | 31-03-2021 |
| സുരേഷ് കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 14-01-2021 |
| അനൂപ്.പി.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-01-2021 | 31-03-2021 |
| വിപിൻദാസ്.എം.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 22-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 22-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jeejo Job (Senior Grade Auditor, On 21-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jeejo Job (Senior Grade Auditor, On 21-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 21-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-7 |
| 10 | കാഷ് വെരിഫിക്കേഷൻ<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 22-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-9 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10 |
| 13 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-1 |
| 14 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-2 |
| 15 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-3 |
| 16 | വസ്തുനികുതി അഡ്വാൻസ്- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-4 |
| 17 | വസ്തുനികുതി കുടിശ്ശിക- ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിക്കുകയും ചെലവായി ക്രമീകരിക്കുകയും ചെയ്തു.അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-5 |
| 18 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-6 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-7 |

| | | |
|---|---|---|
| 20 | പാർട്ട് ബിൽ നൽകിയ തുകകൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-8 |
| 21 | ക്ലോസിംഗ് സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-9 |
| 22 | ഇൻവെസ്റ്റ് മെന്റ് - ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-10 |
| 23 | മൂന്നുമാസത്തിലധികമായി പിൻവലിക്കാത്ത ചെക്കുകൾ ലയബിലിറ്റി ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-11 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-12 |
| 25 | എം.ജി.എൻ.ആർ.ഇ.ജി.എസ്- വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-13 |
| 26 | വിവാഹധനസഹായംം- വാര്ഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-10-14 |
| 27 | എം.ജി.എൻ.ആർ.ഇ.ജി.എസ്- മൂലധനചെലവുകൾ റവന്യൂ ചെലവായി രേഖപ്പെടുത്തി<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-15 |
| 28 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-16 |
| 29 | തെറ്റായ ശീർഷകങ്ങളിൽ ഇടപാടുകൾ രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-10-17 |
| 30 | ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 26-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-11 |
| 31 | പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 26-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-12 |
| 32 | ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 26-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-13 |
| 33 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 26-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-14 |
| 34 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 26-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-15 |
| 35 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 26-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-16 |
| 36 | മരാമത്ത് പണികൾ-- മാനുവൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 26-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-17 |

| | | |
|---|---|---|
| 37 | രശീതുകളുടെ പരിപാലനം - അപാകതകൾ<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-18 |
| 38 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-19 |
| 39 | സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-20 |
| 40 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-21 |
| 41 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-22 |
| 42 | ലേലം - തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-23 |
| 43 | 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-24 |
| 44 | 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-25 |
| 45 | ടെലിസോണിക്ക് നെറ്റ് വർക്ക് ലിമിറ്റഡിന് ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി - അപാകതകൾ<br>Written By: Jayan VS (Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-26 |
| 46 | സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ്- സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-27 |
| 47 | സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ്- സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-28 |
| 48 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sudha.E.N (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-29 |
| 49 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത)- പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-30 |
| 50 | ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയില്ല.<br>Written By: Sudha.E.N (Asst. Audit Officer, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-31 |
| 51 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു നൽകി മൂന്നു വർഷം പിന്നിട്ടിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-32 |
| 52 | ടാങ്കർ ലോറി കുടിവെള്ള വിതരണം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Sudha.E.N (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-33 |
| 53 | വാഹന ഇൻഷ്വറൻസ് സംബന്ധിച്ച് സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Sudha.E.N (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-34 |
| 54 | തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ ലക്ഷ്യം കാണുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-35 |
| 55 | പാലിന് സബ്സിഡി- പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022) | 1-36 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | |
| 56 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക തുക നല്കി<br>Written By: Sunil.P.B (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-37 |
| 57 | കീഴില്ലം ALPസ്കൂൾ കുടിവെള്ള പദ്ധതി മോട്ടോർ മാറ്റിവെയ്ക്കൽ -വൈദ്യുത മോട്ടോറിന്റെ ടാക്സ് ഇൻവോസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-38 |
| 58 | മണലാടി സെന്റർ മിനിമാസ്റ്റ് സർവ്വീസ് കണക്ഷനായി രണ്ടു തവണ KSEBയ്ക്ക് തുക അടവാക്കി<br>Written By: Sunil.P.B (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-39 |
| 59 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 27-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-40 |
| 60 | ശ്രീ പുഷ്കരം കുണ്ടുകാട് റോഡ് റീച്ച് 2 കോൺക്രീറ്റിംഗ് - കരാർ നിരക്കിൽ ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-41 |
| 61 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-42 |
| 62 | വാളനാത്ത് കുന്ന് കുടിവെള്ള പദ്ധതി - കൂടുതൽ വിവരം ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-43 |
| 63 | ചോലമ്മക്കാവ് ഭാഗത്ത് കുഴൽകിണറും മോട്ടോർ സ്ഥാപിക്കലും - തുടർ വിവരം ആവശ്യപ്പെടുന്നു.<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-44 |
| 64 | ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-45 |
| 65 | MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-46 |
| 66 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും, മൂല്യനിർണ്ണയ പത്രികയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-47 |
| 67 | അഗതിരഹിത കേരളം പദ്ധതി - നീക്കിയിരിപ്പ് പ്രയോജനപ്പെടുത്തി കൂടുതൽ ആനുകൂല്യങ്ങൾ നല്കുന്ന പദ്ധതികൾ അവിഷ്കരിക്കേണ്ടതാണ്<br>Written By: Sunil.P.B (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-48 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായ തുകയിൽ കവിഞ്ഞ് ധനസഹായം അനുവദിച്ചു.<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 3-1 |
| 2 | ശ്രീ പുഷ്കരം കുണ്ടുകാട് റോഡ് റീച്ച് 2 കോൺക്രീറ്റിംഗ് - കരാർ നിരക്കിൽ ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 3-2 |

| | | |
|---|---|---|
| 3 | കാലിബ്രാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം<br>Written By: Ram Manohar V.K (Audit Officer (HG), On 30-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 05.03.20 ലെ തീരുമാനം 3പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 19.03.20ലെ ഭരണസമിതി യോഗത്തിൽ കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 46,10,742 രൂപയും, പ്രതീക്ഷിത വരുമാനം 33,65,70,000 രൂപയും ചേർത്ത് ആകെ വരവ് 34,11,80,742 രൂപയും ആകെ ചെലവ് 33,71,81,000 രൂപയും നീക്കിബാക്കി 39,99,742 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.20 ലെ തീരുമാനം 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 22.01.21ലെ യോഗത്തിലെ തീരുമാനം 4(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 21.01.21ലെ തീരുമാനം 4പ്രകാരം അംഗീകരിച്ച) 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 49,85,742 രൂപയും, പ്രതീക്ഷിത വരുമാനം 35,24,64,916രൂപയും ചേർത്ത് ആകെ വരവ് 35,74,50,658 രൂപയും ആകെ ചെലവ് 35,16,71,991 രൂപയും നീക്കിബാക്കി 57,78,667 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 20.01.20 | സമയപരിധി കഴിഞ്ഞ് |
| വികസനം | 20.01.20 | സമയപരിധി കഴിഞ്ഞ് |
| ക്ഷേമകാര്യം | 14.01.20 | സമയപരിധിക്കകം |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. ഗ്രാമ പഞ്ചായത്ത് ഭരണസമിതി 24.03.20ലെ തീരുമാനം 1(1) പ്രകാരം 2020-21ലെ ബജറ്റ് അംഗീകരിച്ചെങ്കിലും വികസന സ്റ്റാന്റിംഗ് കമ്മറ്റി 27.03.20ലെ തീരുമാനം 1(1) പ്രകാരം മാത്രമാണ് സ്റ്റാന്റിംഗ് കമ്മറ്റിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്ത് തീരുമാനം എടുത്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്. (എന്നാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി 2020-21 വർഷത്തെ കരട് ബജറ്റ് മാർച്ച് മാസത്തിലെ ആദ്യ ആഴ്ച പരിഗണിച്ചിട്ടില്ല)

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ റിക്കവറികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവയുടെ പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

2019-20 ൽ ആരംഭിച്ച് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്ന59 പ്രോജക്ടുകൾ സ്പിൽഓവർ ആക്കുന്നതിന് 16.04.20 ലെ ഭരണസമിതി തീരുമാനം 1(1) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

2020-21 വാർഷികപദ്ധതി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട 01/07/2020-ലെ സ.ഉ.(കൈ) നം.104/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ വാർഷികപദ്ധതിയിൽ തീരുമാനത്തിൽ ചേർത്തത് പ്രകാരം ഭേദഗതികൾ വരുത്തുന്നതിനും ആയതിന് തുടർന്നുവരുന്ന ഡി.പി.സി.യോഗത്തിൽ സമർപ്പിച്ച് ഡി.പി.സി. ക്ലിയറൻസ് വാങ്ങുന്നതിനും 17.07.20 ലെ ഭരണസമിതി തീരുമാനം 1(1) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 22.01.21 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ 4(1) അനുസരിച്ച് 2020-21 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2020-21സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രം ബജറ്റ് പുതുക്കുന്നത് (യഥാസമയം പുതുക്കാതെ) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 02.06.2021 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,31,26,521 |
| വരവ് | 8,97,78,389 |
| ആകെ | 1,0,29,04,910 |
| ചെലവ് | 9,10,35,867 |
| നീക്കിയിരിപ്പ് | 1,18,69,043 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | 0 | 1,37,61,156 | 1,37,61,156 | 1,14,35,224 | 23,25,932 |
| വികസനഫണ്ട് എസ്.സി.പി.(ACR പ്രകാരം) | 0 | 87,62,373 | 87,62,373 | 66,65,831 | 20,96,542 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്) (ACR പ്രകാരം) | 0 | 1,21,46,818 | 1,21,46,818 | 68,47,286 | 52,99,532 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം) | 0 | 55,80,000 | 55,80,000 | 23,23,543 | 32,56,457 |
| സംരക്ഷണ ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 2,40,61,000 | 2,40,61,000 | 2,40,61,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | 0 | 40,11,016 | 40,11,016 | 40,02,222 | 8,794 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 294 | 112701927 | 225 | 70314144 | 11 | 58 | 76.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2357 | 1893788 | 1896145 | 1829854 | 66291 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 65654031 | 65654031 | 65654031 | 0 |
| ആകെ | 2357 | 67547819 | 67550176 | 67483885 | 66291 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 87,08,400 | 577 |
| വിധവാ പെൻഷൻ | 1,89,25,200 | 1232 |
| വാർദ്ധക്യകാല പെൻഷൻ | 27,97,200 | 2039 |
| വികലാംഗപെൻഷൻ | 52,78,700 | 347 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 30,77,300 | 197 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,40,000 | 8 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.05.2022 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 627/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-10-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-10-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21വർഷത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 157 കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ടെങ്കിലും 2020-21 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

3.1തൻവർഷം

3.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 15,94,057 | 15,43,120 | 51,811 | 847 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 15,94,057 | 15,41,399 | 50,044 | 847 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) (JV Nos.42000242, 42000248) | *(890/105X100)= 847 |

3.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10,35,236 | 10,32,629 | 3,133 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10,35,236 | 10,32,103 | 3,133 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.2കുടിശ്ശിക

3.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 45,333 | 41,284 | 4,227 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *45,650 | 41,112 | 5,070 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (18,309+29,624= 47933/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (5324/105X100) |

3.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 33,452 | 33,495 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 21,074 | 33,452 | 0 |
| | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 9314+12814= 22128 /105*100 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 81714 | 2583 | 84297 | 78913 | 2189 | 81102 | 2809 | | 43 | 217 | 257 |
| | നോൺ-റെസിഡൻഷ്യൽ | 52682 | 1745 | 54427 | 51996 | 1702 | 53698 | 164 | | 0 | 0 | 0 |
| | ആകെ | | | 1,38,724 | | | 134800 | 2973 | | 257 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1,38,741 | | | 1,33,937 | | | | 1,38,485 | 256 | | |
| | | State Govt . Cess/levies ലെഡ്ജർ | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

3.4 സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി.രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:- 3.1.1, 3.1.2, 3.2.1, 3.22, 3.3 എന്നീ പട്ടികകൾ)

3.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,33,937രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,34,800 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1,38,485 രൂപയാണ്.(വൌച്ചർ 42000252, 42000254 തീ .31.03.21)

## 1-10-4 വസ്തുനികുതി അഡ്വാൻസ്- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| നികുതി ഇനം | വാർഷിക കണക്ക് പ്രകാരം (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം) | സഞ്ചയ പ്രകാരം |
|---|---|---|
| Property Tax On Residential Building | 2,28,,556 | 4,43,291 |
| Property Tax On Non-Residential Building | 7,866 | 8,917 |

## 1-10-5 വസ്തുനികുതി കുടിശ്ശിക- ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിക്കുകയും ചെലവായി ക്രമീകരിക്കുകയും ചെയ്തു.അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

വസ്തുനികുതി അഡ്വാൻസ് കളക്ഷൻ, റിസീവബിൾസ് ലെഡ്ജറുകൾ പ്രകാരം താഴെ പറയുന്ന തുകകൾ ജേണൽ എൻട്രികൾ വഴി Prior Period Items മുഖേന വരുമാനമായി ക്രമീകരിക്കുകയോ ഡിമാന്റ് വർദ്ധിപ്പിക്കുകയോ ചെയ്തു. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി ശീർഷകം | ഡിമാന്റ് വർദ്ധിപ്പിച്ച തുക | വരുമാനമായി ക്രമീകരിച്ച തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|---|
| 431100104- Receivables For Property Tax On Non-Residential Buildings(Arrears) | 12,377 | | 42000251/31.03.21 |

## 1-10-6 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്,

കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനം, ക്രമീകരിക്കാനം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനം, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനം നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-8 പാർട്ട് ബിൽ നൽകിയ തുകകൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

412010101- Capital Work In Progress എന്ന ശീർഷകത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ പാർട്ട് ബിൽ നൽകിയ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-10-9 ക്ലോസിംഗ് സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തിയിട്ടില്ല

ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-10-10 ഇൻവെസ്റ്റ് മെന്റ് - ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-10-11 മൂന്നമാസത്തിലധികമായി പിൻവലിക്കാത്ത ചെക്കുകൾ ലയബിലിറ്റി ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം പഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെക്കുകൾ മൂന്നമാസത്തിലധികമായി പിൻവലിച്ചിട്ടില്ല. ആയത് പരിശോധിച്ച് Liability In Respect Of Stale Cheques എന്ന ശീർഷത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ബാങ്കിന്റെ പേര് | വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – തനത് ഫണ്ട് | 21900462 | 02/09/19 | 903633 | 02/09/19 | 6804 |
| | 21900426 | 21/08/19 | 903627 | 21/08/19 | 13608 |
| | 21900440 | 26/08/19 | 903631 | 26/08/19 | 5733 |
| കിള്ളിമംഗലം ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 21900460 | 02/09/19 | 169538 | 02/09/19 | 583 |

### 1-10-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (12,57,478)/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 43,90,934/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-13 എം.ജി.എൻ.ആർ.ഇ.ജി.എസ്- വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരമുള്ള ചെലവുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് ചെലവ് പത്രിക പ്രകാരം 2020-21 വർഷത്തെ ആകെ ചെലവ് 6,74,83,885 രൂപയാണ്. എന്നാൽ 251300801- Total Poverty Alleviation എന്ന ശീർഷകത്തിലെ ചെലവ് 6,93,75,111/- രൂപയാണ് .

### 1-10-14 വിവാഹധനസഹായംം- വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

പഞ്ചായത്തിലെ വൗച്ചർ പരിശോധനയിൽ സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 8 ഗുണഭോക്താക്കൾക്കായി 2,40,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട് (BIMS മുഖേന) എന്നാൽ ടി ഇടപാട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-10-15 എം.ജി.എൻ.ആർ.ഇ.ജി.എസ്- മൂലധനചെലവുകൾ റവന്യൂ ചെലവായി രേഖപ്പെടുത്തി

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗം ലഭ്യമാക്കിയ പട്ടിക പ്രകാരം റോഡ് കോൺക്രീറ്റിംഗ് , ഡ്രൈയിനേജ് നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം മുതലായ 47 പ്രവൃത്തികൾക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി മുഖേന തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ മൂല്യം ബാധകമായ ആസ്തി ശീർഷകങ്ങളിൽ ഉൾപ്പെടുത്താതെ റവന്യൂ ചെലവായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽത്തന്നെ മൂലധന പ്രവൃത്തികൾക്ക് തത്തുല്യമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടാതെ പോയി.

### 1-10-16 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു (GO(Rt.) No.4444/2020/Fin. Dtd. 03.08.20 പ്രകാരം) അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 40,984/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

### 1-10-17 തെറ്റായ ശീർഷകങ്ങളിൽ ഇടപാടുകൾ രേഖപ്പെടുത്തിയിരിക്കുന്നു.

വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റ് ചെയ്ത തുകകൾ Advance To Implementing Agencies- Deposit To KWA എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ അതത് ആസ്തി ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ പൂർണ്ണമായും അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് ശീർഷകങ്ങളിലോ ആസ്തി ശീർഷകങ്ങളിലോ രേഖപ്പെടുത്തുന്നു.(ഖണ്ഡിക 4-2 കാണുക)

### 1-11 ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163 ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 164 - വകുപ്പ് അനുസരിച്ച് ഓരോ പഞ്ചായത്തിനും സ്റ്റാന്റിംഗ് കമ്മിറ്റിയേയോ പ്രവർത്തന കമ്മിറ്റികളേയോ ഏതെങ്കിലും പണിയോ പദ്ധതിയേയോ പ്രോജക്ടോ പ്ലാനോ നടപ്പാക്കുന്നതിൽ സഹായിക്കുന്നതിലേക്കായി പഞ്ചായത്തിലെ അംഗങ്ങളും പൊതുജനക്ഷേമത്തിൽ താൽപര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്നവരുമായ മറ്റാളുകളുമടങ്ങിയ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഇതേ നിയമത്തിലെ 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകുന്നുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, സബ്കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.02/18.05.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നും ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി സ്വീകരിക്കുന്നതാണെന്നും ആണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

### 1-12 പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ഗ്രാമ പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.03/18.05.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

### 1-13 ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്തംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്.

അതിനാൽ 2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.04/18.05.22) ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി എല്ലാ വർഷവും ജില്ലാ അധികാരിയായ പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർക്ക് ഗൂഗിൾ ഷീറ്റ് മുഖേന സമർപ്പിക്കുന്നുണ്ടെന്നും ആയത് പഞ്ചായത്തിന്റെ വെബ് സൈറ്റ് മുഖേന പ്രസിദ്ധപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നമാണ് അറിയിച്ചിട്ടുള്ളത്. അതിനാൽ ഓഡിറ്റ് കാലയളവിൽ ഇപ്രകാരം ഒരു റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്നാണ് കാണുന്നത്. നിയമവ്യവസ്ഥ പാലിക്കാൻ ഗ്രാമ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം ) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 09/19.05.22) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഇല്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഇല്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-15 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 16തീ. 21.05.2022 ) നൽകിയതിന് ലഭിച്ച മറുപടി പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 08.06.20ലെ ഭരണസമിതി തീരുമാനം 2(1) താഴെ ചേർക്കുന്നു.

"ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ പാഞ്ഞാൾ ദേവസ്വം നായർകുളങ്ങര ദേവസ്വം അയ്യപ്പൻകാവ് അമ്പലത്തിലേക്കുള്ള ദേവസ്വം ഉടമസ്ഥതയിലുള്ള പാഞ്ഞാൾ വില്ലേജ് സർവെ നമ്പർ.264/2-ൽ പെട്ട 60 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമുള്ള വഴി സ്ഥലം പൊതുജന ആവശ്യത്തിലേക്കായി റോഡ് നിർമ്മിക്കുന്നതിന് കൈച്ചീട്ട് പ്രകാരം പഞ്ചായത്തിന് വിട്ടുതന്നിട്ടുള്ളതിൽ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് യോഗം പരിശോധിച്ചു. ആയത് പ്രകാരം സ്ഥലം പരിശോധിച്ച് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് യോഗം എൽ.എസ്.ജി.ഡി. അസിസ്റ്റൻറ് എഞ്ചിനീയർക്ക് നിർദേശം നൽകി തീരുമാനിച്ചു." തുടർവിവരം ലഭ്യമല്ല.

(iii) 17.07.20ലെ ഭരണസമിതി തീരുമാനം 1(2) താഴെ ചേർക്കുന്നു.

"വാർഡ് 13 ലുള്ള ശ്രീപുഷ്കരം അപ്പുകുട്ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അസിസ്റ്റൻറ് എഞ്ചിനീയറോട് നിർദ്ദേശിച്ച് തീരുമാനിച്ചു." തുടർവിവരം ലഭ്യമല്ല.

Iv) 26.08.20ലെ ഭരണസമിതി തീരുമാനം 16(1) താഴെ ചേർക്കുന്നു.

"പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ മൈത്രി റോഡ് Drainage നിർമ്മാണം( Pro.No. 171) എന്ന പ്രവർത്തി നടത്തുമ്പോൾ നിലവിൽ തൊഴിലുറപ്പപദ്ധതി പ്രകാരം നിർമ്മിച്ച റോഡിന്റെ ചില ഭാഗങ്ങൾ പൊളിച്ചു മാറ്റേണ്ടതായി വരുന്നുണ്ടെന്നും, ഇക്കാരണത്താൽ ഭരണസമിതിയുടെ അനുവാദം വേണമെന്നും രേഖപ്പെടുത്തി Assistant Engineer, LSGD, Panjal സമർപ്പിച്ച അപേക്ഷ ഭരണസമിതി പരിശോധിച്ചു. 10-ാം വാർഡിൽ മൈത്രി റോഡ് Drainage നിർമ്മാണം( Pro.No. 171) എന്ന പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച റോഡിന്റെ ചില ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നതിന് ഭരണസമിതി ഏകകണ്ഠമായി തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-16 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ്വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ്വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/21.05.22)

## 1-17 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി – ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ. (എം.എസ്) നം.74/14/തസ്വഭവ – ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ – കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ കരാറുകാർ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പല അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല. ഉദാഹരണത്തിന് 1) പ്രോജക്ട് നമ്പർ 287/21 വെട്ടിക്കാട്ടിരി മണലാടി റോഡ് പുനരുദ്ധാരണം 2) 288/21 ജയന്തി റോഡ് പുനരുദ്ധാരണം

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വെച്ചതായി മരാമത്ത് ഫയലുകളിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്.

പല മരാമത്ത് ഫയലുകളിലും എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക വകയിരുത്തി കരാറുകാർക്ക് ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ മിക്ക ഫയലുകളിലും ഇപ്രകാരം ഡിസ്പ്ലേ ബോർഡുകൾ പ്രദർശിപ്പിച്ചതിന്റെ ഫോട്ടോ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണം 1) പ്രോജക്ട് നമ്പർ 287/21 വെട്ടിക്കാട്ടിരി മണലാടി റോഡ് പുനരുദ്ധാരണം 2) 288/21 ജയന്തി റോഡ് പുനരുദ്ധാരണം. എന്നാൽ ചില അവസരങ്ങളിൽ ഇപ്രകാരം ബോർഡ് വെച്ചതായി ഫയലുകളിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. ഉദാഹരണം 1) പ്രോജക്ട് നമ്പർ 67/21 മുല്ലക്കൽ ചീർപ്പ് അംഗൻവാടി റോഡ് ടാറിംഗ് 2) 292/21 വാഴാലിപ്പാടം അമ്പലം റോഡ് നിർമ്മാണം.

4) പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യുണീക്ക് നമ്പർ പല പ്രോജക്ടുകളിലും, പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല. ഉദാഹരണം 1) പ്രോജക്ട് നമ്പർ 67/21 മുല്ലക്കൽ ചീർപ്പ് അംഗൻവാടി റോഡ് ടാറിംഗ് 2) 292/21 വാഴാലിപ്പാടം അമ്പലം റോഡ് നിർമ്മാണം.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/21.05.22)

## 1-18 രശീതുകളുടെ പരിപാലനം - അപാകതകൾ

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 06/09/2021ൽ ഐ.എൽ.ജി.എം.എസ് (ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം) സോഫ്റ്റ്‌വെയർ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയറിൽ രശീത് ഇഷ്യു ചെയ്യുമ്പോൾ ഡ്യൂപ്ലിക്കേറ്റ് രശീതോ, രശീതിന്റെ കൌണ്ടർ ഫോയിലോ സൂക്ഷിക്കുന്നില്ല. രശീത് ഇഷ്യു ചെയ്യുന്നത് പ്രീ പ്രിന്റഡ് രശീതിലല്ല, സ്റ്റേഷനറി നമ്പർ ഇല്ലാത്ത എ 4 പേപ്പറിലാണ്. ആയതിനാൽ ഈ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാകുന്ന ഡേ ബുക്കിന്റെ (Daily Collectin Report – Day Book) അടിസ്ഥാനത്തിലാണ് രശീതുപ്രകാരമുള്ള കളക്ഷനുകളുടെ അടവ് പരിശോധിക്കുന്നത്. ഇപ്രകാരം ഓഡിറ്റിന് ലഭ്യമാക്കിയ Day Book പരിശോധിച്ചതിൽ നിന്നും ഏതാനും ദിവസങ്ങളിലെ രശീതുകളുടെ ക്രമനമ്പറിൽ തുടർച്ച ഇല്ലാത്തതായി കണ്ടെത്തുകയുണ്ടായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡേ ബുക്കിൽ ഉൾപ്പെടാതിരുന്ന രശീതുകളുടെ നമ്പർ | രശീതുകൾ ഡേ ബുക്കിൽ ഉൾപ്പെടാതിരുന്ന ദിവസം |
|---|---|---|
| 1 | 1210100039 | 07/09/2021 |
| 2 | 1210100068, 69, 70 | 10/09/2021 |
| 3 | 12101000687, 688, 689, 702 | 17/11/2021 |
| 4 | 1210102176 | 29/12/2021 |

| | | |
|---|---|---|
| 5 | 1210102611 | 13/10/2021 |
| 6 | 1210102848 | 28/01/2022 |
| 7 | 1210103507 | 23/02/2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (42/26.05.2022) ലഭ്യമാക്കിയ 06/09/2021 മുതൽ 31/03/2022 വരെയുള്ള റദ്ദാക്കപ്പെട്ട രശീതുകളുടെ ഐ.എൽ.ജി.എം.എസ് ൽ നിന്നുള്ള റിപ്പോർട്ടിൽ മേൽപ്പറഞ്ഞ രശീതുകളിലെ രശീത് നമ്പർ 1210100068 ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഈ രശീത് റദ്ദാക്കപ്പെട്ടതായി കാണുന്നില്ല. സ്റ്റേഷനറി നമ്പറോടുകൂടിയ പ്രീ പ്രിന്റഡ് ഫോർമാറ്റിലല്ല രശീത് ഇഷ്യൂചെയ്യുന്നത് എന്നതിനാൽ രസീത് പണമടച്ച ആളിന് നൽകിയശേഷം റദ്ദാക്കിയതാണോ എന്നും വ്യക്തമല്ല. പഞ്ചായത്തിന് ധാരാളം ഇനങ്ങളിൽ വരവ് ഉള്ളതിനാൽ സോഫ്റ്റ് വെയറിന് പുറത്ത് തയ്യാറാക്കുന്ന ഏതെങ്കിലും വരവിനങ്ങളിൽ പോസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും പരിശോധന സാധ്യമല്ല. രശീതുകൾ റദ്ദ് ചെയ്യപ്പെടാതിരിക്കുകയും എന്നാൽ ഡേ ബുക്കിൽ ഉൾപ്പെടാതെ പോയതിന്റെയും കാരണം അറിയിച്ചിട്ടില്ല. പുതിയ സോഫ്റ്റ്‌വെയർ ഉപയോഗത്തിൽ വന്നതിനുശേഷം കണ്ടെത്തിയ ഗൗരവതരമായ ഈ അപാകത പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതായോ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

രശീതുകളുടെ കാൻസലേഷൻ റിപ്പോർട്ട് ദൈനംദിനമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും, ഡേ ബുക്കിലും കാൻസലേഷൻ റിപ്പോർട്ടിലും ഉൾപ്പെടാത്ത രശീതുകളുണ്ടെങ്കിൽ ആയത് ഗൗരവതരമായി കണക്കിലെടുത്ത് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

2) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017 /തസ്വഭവ, തീ.03.04.2017 മാർഗ്ഗരേഖയിലെ ഖ.6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

3) അപേക്ഷയിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഫീസ് ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4) 2020-21 വർഷത്തിൽ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ 217 ആണ്. എന്നാൽ ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം 197 മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത് കാലികമാക്കേണ്ടതാണ്.

5) ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 217 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ പ്രകാരം നിലവിലെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം 1254 ആണെന്നാണ് അറിയിച്ചിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6) അഞ്ച് വർഷത്തേക്ക് Cumulative ആയി വിവിധ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

7) സതേൺ റോക്ക് & അഗ്രഗേറ്റ് മൈനിങ്ങ്, പൈങ്കുളം എന്ന ക്വാറിക്ക് 2019-2024 കാലഘട്ടത്തിലേക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇത് പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ട അനുമതികളുടെ കാലാവധി പുതുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

A) 05.12.2014 തീയതിയിലെ നം.285/SEIAA/KL/1362/2014 Environmental Clearance Certificate പ്രകാരം കാലാവധി 01.10.2014 മുതൽ അഞ്ച് വർഷത്തേക്കാണ്. അതായത് 30.09.2019 വരെ മാത്രമാണ് നിലവിൽ അനുമതിയുള്ളത്.

B) PESO യുടെ മാഗസിൻ സ്റ്റോക്ക് ചെയ്യുന്നതിനുള്ള അനുമതി നം. E/SC/KL/22-867, Dt.28.01.2015 പ്രകാരം 31.03.2020 വരെ മാത്രമാണ് കാലാവധിയുള്ളത്.

C) The Mining Act. 1952 പ്രകാരമുള്ള Blaster's Certificates Of Competency (P.K.Appukuttan എന്നയാളുടെ പേരിലുള്ളത്) യുടെ കാലാവധി 15.10.2013 വരെ മാത്രമാണ്.

D) Mining & Geology വകുപ്പിൽ നിന്നുള്ള Form M പെർമിറ്റ് ഹാജരാക്കിയിട്ടില്ല.

വിവിധ വകുപ്പുകളിൽ നിന്നും അനുമതി പുതുക്കിയതിന്റെ വിവരം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-20 സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2013 ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നിർദ്ദേശം പുറപ്പെടുവിക്കുന്നുണ്ട്. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ ഇത്തരം സ്ഥാപനങ്ങളുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) ശോഭന.പി, പാലുത്തൊടി വീട്, കൊളപ്പുള്ളി എന്നവരുടെ പൈങ്കുളം വില്ലേജിൽ സർവ്വേ നം. 601/1 ൽ പ്രവർത്തിക്കുന്ന ക്വാറിക്ക് ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ Environmental Clearance Order No. E1/4233/2018/DEIAA/TSR, Dtd.18.07.2018 പ്രകാരം 6,50,000/- രൂപയുടെ CSR പ്രവർത്തനങ്ങൾ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. CSR പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) സതേൺ റോക്ക് & അഗ്രഗേറ്റ് മൈനിങ്ങ്, പൈങ്കുളം എന്ന ക്വാറിക്ക് 2019-2024 കാലഘട്ടത്തിലേക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 05.12.2014 തീയതിയിലെ നം.285/SEIAA/KL/1362/2014 Environmental Clearance Certificate പ്രകാരം കാലാവധി 01.10.2014 മുതൽ അഞ്ച് വർഷത്തേക്കാണ്. അതായത് 30.09.2019 വരെ മാത്രമാണ് നിലവിൽ അനുമതിയുള്ളത്. പുതുക്കിയ അനുമതി ലഭ്യമാക്കി പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നിർദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ വിവരം ശേഖരിച്ച് ആയത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സി.എസ്.ആർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതും പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-21 തൊഴിൽ നികുതി - അപാകതകൾ

I) 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1) ക്ഷീരോത്പാദക സഹകരണ സംഘം, പാഞ്ഞാൾ

2) എവർഷൈൻ റൂഫ് & ഫാബ്രിക്കേഷൻ, ഉദുവടി

3) വീരമണി ഇന്റർലോക്കസ് & ടൈൽസ്, പൈങ്കുളം

II) 2020-21 വർഷം എ.എം.യൂസഫ്, ഷീജോ മോൻ മാത്യു, വിഷ്ണു.യു.എസ്, വിൽസൻ.എൻ.എസ്, എ.എം.മുഹമ്മദ്, മുരളീധരൻ.ടി.വി, പി.എം.വീരാൻകുട്ടി, സുധീഷ്.ടി.എസ്, അജ്മൽ.പി.എ, എ.സി.മുസ്തഫ, എ.വൈ.ഫഹദ്, കെ.കെ.ശിവരാമൻ, എ.കെ.അഷറഫ്, സജയകുമാർ, സിദ്ദിഖ്.എൻ, വാസുദേവൻ.യു എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/19.05.2022 നുള്ള മറുപടിയിൽ ഈ കരാറുകാർ മറ്റ് പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി പകർപ്പ് ഹാജരാക്കേണ്ടതാണ്.

III) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

I) കെട്ടിടങ്ങൾക്ക് വസ്തുനികുതി ആദ്യമായി നിർണ്ണയിച്ച് ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ തീ.09/07/15 ൽ നിർദ്ദേശിച്ച പ്രകാരം റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കിയിട്ടില്ല. റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കുന്നതിന് നിഷ്കർഷിക്കേണ്ടതാണ്.

II) 250 ച.മീ വിസ്തീർണ്ണത്തിന് മുകളിലുള്ള പാർപ്പിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

1) XV/321 R, അബ്ബാസ് & മെഹർനിഷ, തോട്ടത്തിൽ വീട്, മുള്ളൂർക്കര – 267.91 $M^2$

2) I/425 B, അയ്യപ്പദാസ് & സിന്ധു, തിരുത്തിയിൽ വീട് – 396.97 $M^2$

3) III/121 A, നബീസ്, പണ്ടാരകൊട്ടിലിൽ വീട്, പൈങ്കുളം – 262.84 $M^2$

4) XV/339 A, മുഹമ്മദ്.പി.എ, പാറയ്ക്കൽ വീട്, വെട്ടിക്കാട്ടിരി – 251.18 $M^2$

5) VII/347 D, അബ്ദുൾ സത്താർ, അമ്മണത്ത് വീട്, കിള്ളിമംഗലം – 260.97 $M^2$

ചട്ടപ്രകാരം ഈടാക്കേണ്ട വർദ്ധനവ് വരുത്താത്തവ പരിശോധിച്ച് ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/25.05.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. .

## 1-23 ലേലം - തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അംഗൻവാടി & കുടുംബക്ഷേമ ഉപകേന്ദ്രത്തിലെ 41,973/- രൂപ വാല്യുവേഷൻ കണക്കാക്കിയ മരങ്ങളും, പി.എച്ച്.സി യിലെ 13,591/- രൂപ വില കണക്കാക്കിയ വേപ്പ് മരങ്ങളും, എ.എൽ.പി.സ് കീഴില്ലം & എൽ.പി.എസ് തൊഴൂപ്പാടം എന്നിവിടങ്ങളിലെ 39,997/- രൂപ വില കണക്കാക്കിയ മരങ്ങളും ലേല നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് പരാമർശിച്ചിരുന്നു. ലേലം ഫയലിൽ ഇവയുടെ തുടർനടപടി വിവരങ്ങൾ ചേർത്തിട്ടില്ല.

2) 12.10.2018 തീയതിയിലെ അസി.എഞ്ചിനീയറുടെ 43/AE/ജനറൽ/2018 നമ്പർ കത്ത് പ്രകാരം കാട്ടിൽ കുളത്തിൽ നിന്നും നീക്കം ചെയ്ത 640 $M^3$ മണ്ണിന്റെ വാല്യുവേഷനായി 26,352/- രൂപ കണക്കാക്കി നൽകിയിട്ടുണ്ട്. ആയതിന്റെ ലേലം നടന്നതായുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. ആയതിന്റെ തുടർവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) അസി.എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 20,000/- രൂപ വില കണക്കാക്കി നൽകിയിട്ടുള്ള കിള്ളിമംഗലം പി.എച്ച്.സി കാത്തിരിപ്പ് കേന്ദ്രം പൊളിച്ച് മാറ്റിയ വസ്തുക്കൾ ലേലം നടന്നതായി കാണുന്നില്ല.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/20.05.2022 ന് നൽകിയ മറുപടിയിൽ ഇത് സംബന്ധിച്ച വിവരങ്ങൾ പരാമർശിച്ചിട്ടില്ല. പുനർലേലം നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരമോ അല്ലാത്തപക്ഷം സ്വീകരിച്ച തുടർനടപടികളുടെ വിവരമോ അറിയിക്കേണ്ടതാണ്.

## 1-24 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം. 186/21, പൊതു ശ്മശാനം നവീകരണം എന്ന പേരിൽ ഗ്രാമപഞ്ചായത്തിൽ പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ നിലവിൽ വന്നത് പ്രകാരം വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/20.05.2022 നുള്ള മറുപടിയിൽ ശ്മശാനം നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ശ്മശാനം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം തന്നെ മേൽ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ബൈലോ തയ്യാറാക്കേണ്ടതും ചട്ടം 3(1) പ്രകാരം വാടക, ഫീസ് എന്നിവ നിശ്ചയിക്കുകയോ ചട്ടം 3(3) പ്രകാരം ഫീസ് പിരിക്കുന്നതിന് കുത്തകാവകാശമായി നൽകുകയാണെങ്കിൽ ആയത് നിശ്ചയിക്കുകയോ ചെയ്യേണ്ടതും പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. അതോടൊപ്പം ചട്ടം 7(1) പ്രകാരം ശ്മശാനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-25 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിന്, ചട്ടങ്ങൾക്ക് വിധേയമായി വണ്ടിത്താവളങ്ങൾ ഏർപ്പെടുത്താനും ഫീസ് ചുമത്താനും അധികാരം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/20.05.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ വണ്ടിത്താവളങ്ങൾ ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 ൽ വിവിധ വാഹനങ്ങൾക്ക് അനുമതി നൽകിയത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വണ്ടിത്താവളങ്ങൾ കൃത്യമായി പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതും അതനുസരിച്ച് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-26 ടെലിസോണിക്ക് നെറ്റ് വർക്ക് ലിമിറ്റഡിന് ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി - അപാകതകൾ

01.08.19 ലെ ജി.ഒ(എം.എസ്) 17/19/ഐ.ടി.ഡി ഉത്തരവ് പ്രകാരം ഭാരതി എയർടെൽ ലിമിറ്റഡിന് സംസ്ഥാനത്തെ വിവിധ റോഡുകളിൽ 462.4 കി.മീ ദൂരത്തിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. പിന്നീട് 211.2 കി.മീ ദൂരം Feasible അല്ല എന്ന കാരണത്താൽ 05.03.20 ന് സ്ഥാപനം നൽകിയ അപേക്ഷ പരിഗണിച്ച് പ്രസ്തുത 211.2 കി.മീ ദൂരത്തിന് പകരം തത്തുല്യമായ ദൂരം പുതുതായി അംഗീകരിച്ച് 06.08.21 ലെ ജി.ഒ(എം.എസ്) 26/21/ഐ.ടി.ഡി പ്രകാരം ഉത്തരവാകുകയും ചെയ്തു. പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിൽ, ഈ ഉത്തരവുകളുടെ പിൻബലത്തിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് ഭാരതി എയർടെൽ ലിമിറ്റഡിന്റെ ലൈസൻസിയായ ടെലിസോണിക്ക് നെറ്റ് വർക്ക് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 31.01.20 ലെ ഭരണസമിതി തീരുമാനം 27(1) പ്രകാരം അനുമതി നൽകി ഉത്തരവായി. പാഞ്ഞാൾ എയർടെൽ ടവർ മുതൽ ചീകാരം മസ്ജിദ് വരെ 1.8 കി.മീ സ്ഥലത്ത് അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിനാണ് അനുമതി.

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 02.06.2021 തീയതിയിലെ ഭരണസമിതി യോഗ തീരുമാനം നം. 13(1) പ്രകാരം റോഡ് പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ല എന്നും വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതായി നിരവധി പരാതികൾ ലഭിച്ചതായും സൂചിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി ചമച്ചിട്ടുള്ള കരാറിലെ വ്യവസ്ഥ നം. 5 പ്രകാരം കേബിൾ സ്ഥാപിച്ചതിന് ശേഷം റോഡും ഭാഗങ്ങളും പുനർനിർമ്മിച്ചതിന് ശേഷം എ.ഇ (എൽ.എസ്.ജി.ഡി) യുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഫയൽ നമ്പർ ബി2 – 6273/19 ലെ നോട്ട് ഫയൽ പ്രകാരം എയർടെൽ കമ്പനി കൂടുതൽ ഭാഗവും ബോം കട്ടിംഗ് നടത്തിയതായും മെഷീൻ ഫിക്സ് ചെയ്ത ഭാഗത്ത് ഉണ്ടായ പന്ത്രണ്ട് സ്ഥലത്ത് കമ്പനി കോൺക്രീറ്റ് ഉപയോഗിച്ച് പുനസ്ഥാപിച്ച് നൽകിയതായും ഓവർസിയർ രേഖപ്പെടുത്തിയിരിക്കുന്നു. റോഡ് പുനർനിർമ്മിച്ചിരിക്കുന്നു എന്ന സാക്ഷ്യപത്രം അനുവദിക്കാവുന്നതാണ് എന്ന് 21.06.2021 തീയതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റോഡിന്റെ നിർമ്മാണം കരാറിലെ വ്യവസ്ഥ നം. 5 ൽ പറയും പ്രകാരം പൂർത്തിയായതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 21.06.2021 തീയതിയിൽ റോഡ് പണി പൂർത്തിയായതായി കമ്പനി കത്ത് നൽകിയതിനെ തുടർന്ന് ഇതേ തീയതിയിലെ ബി2-6273/2019(5) കത്തിൽ റോഡ് പണി പൂർത്തിയായതായി സെക്രട്ടറി കത്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്.

01.08.19 ലെ ജി.ഒ(എം.എസ്) 17/19/ഐ.ടി.ഡി ഉത്തരവിലെ വ്യവസ്ഥ 4(g) പ്രകാരം MORTH സ്പെസിഫിക്കേഷൻ പ്രകാരം വേണം റീസ്റ്റോറേഷൻ പ്രവർത്തനം നടത്താൻ. ഇതേ ഉത്തരവിലെ വ്യവസ്ഥ 4(k) പ്രകാരം ഭാരതി എയർടെൽ പഞ്ചായത്തിന്റെ എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ വേണം റീസ്റ്റോറേഷൻ പ്രവർത്തനം നടത്താൻ. എന്നാൽ ഇപ്രകാരം പ്രവർത്തനം നടന്നതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. സർക്കാർ നിശ്ചയിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് സ്ഥാപനത്തിന് റീസ്റ്റോറേഷൻ പ്രവർത്തനം പൂർത്തീകരിച്ചതായി സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളത്.

2) ചീഫ് എഞ്ചിനീയറുടെ 30.03.19ലെ നം CE/R&B/GL-RC/2/2019 സർക്കുലറിലെ നിർദ്ദേശ പ്രകാരം BT Surface ലെ Restoration Width ചുരുങ്ങിയത് 1 മീറ്റർ ആയി പരിഗണിക്കേണ്ടതായുണ്ട്. അതുപോലെ തന്നെ Trench Width 1.5 Times ആയും പരിഗണിക്കേണ്ടതായുണ്ട്. എന്നാൽ ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം BT Surface ലെ Restoration Width 0.30 മീറ്റർ മാത്രമാണ് പരിഗണിച്ചിട്ടുള്ളത് (100 മീറ്റർ BTറോഡാണ് ഇപ്രകാരം റീസ്റ്റോറേഷൻ പ്രവർത്തനം നടത്താനായിട്ടുള്ളത്).

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 33/26.05.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കരാറിലെ വ്യവസ്ഥ പ്രകാരം റോഡ് പുനർനിർമ്മിക്കാത്ത പക്ഷം റോഡ് റിസ്റ്ററോഷനായി അടവാക്കിയ തുക തിരികെ നൽകാതെ തടഞ്ഞ് വക്കേണ്ടതും സർക്കുലറിലെ നിർദ്ദേശപ്രകാരം കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ്- സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്

2019-20 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 15,36,090/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന് പുറമെ തെരുവ് വിളക്ക് റിപ്പയറിംഗിനായി രണ്ട് പ്രൊജക്ടുകളിലായി 708650/- (പ്രൊജക്ട് നമ്പർ – 60/20- 6,44,400/- , പ്രൊജക്ട് നമ്പർ 241/20- 64,250/-) രൂപയും ചേർത്ത് ആകെ 22,44,740/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തെ വസ്തുനികുതി ഡിമാന്റ് 25,18,760/- രൂപയാണ്. അതായത് വസ്തുനികുതിയിനത്തിലെ വരുമാനത്തിന്റെ 89 ശതമാനത്തിലധികം തുകസ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2020-21 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 16,31,006/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന് പുറമെ തെരുവ് വിളക്ക് റിപ്പയറിംഗിനായി 3,65,800/- രൂപയുമടക്കം ( പ്രൊജക്ട് നമ്പർ – 20/21- ) ആകെ 19,96,806 ചെലവഴിച്ചിട്ടുണ്ട് . 2020-21 വർഷത്തെ വസ്തുനികുതി ഡിമാന്റ് 26,29,293/- രൂപ മാത്രമാണ്. വസ്തുനികുതി വരുമാനത്തിന്റെ 75 ശതമാനത്തിലധികം തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വിവിധ പ്രൊജക്ടുകളിലായി 23,64,279/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റിന്റെ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

വസ്തുനികുതിയുടെ 75%ത്തിൽ കൂടുതൽ വരുന്ന തുക വഴിവിളക്കുകളുടെ പരിപാലനത്തിനായി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ മേൽ ചട്ടം അനുശാസിക്കുന്ന സേവന ഉപ നികുതി വഴിവിളക്ക് സേവനം ലഭ്യമാക്കുന്നിടങ്ങളിൽ ചുമത്തുന്നതിനുള്ള സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

## 1-28 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ്- സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്

1. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 167 തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2019-20 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ൽ നിന്നും 568908/- രൂപ പ്രൊജക്ട് നമ്പർ 12/20 പ്രകാരം അടവാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഈയിനത്തിൽ പ്രൊജക്ട് നമ്പർ 70/21 (സ്പിൽ ഓവർ) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)ൽ നിന്നും 51092/- രൂപയും പ്രൊജക്ട് നമ്പർ 18/21 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് ഫണ്ടിൽ നിന്നും 540106/- രൂപയും മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)ൽ നിന്നും219189/- രൂപയും തനത് ഫണ്ടിൽ നിന്നും 73,063/- (വൗച്ചർ നമ്പർ 22000385/ 30.07.20) രൂപയുമടക്കം 883450/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിച്ച തുക 2019-20 വർഷത്തെ വസ്തുനികുതിയുടെ 22.5 ശതമാനവും 2020-21 വർഷത്തെ വസ്തുനികുതിയുടെ 33.6 ശതമാനവുമാണ്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. മേൽ വ്യക്തമാക്കിയ പ്രകാരം വസ്തുനികുതിയുടെ നാലിലൊന്ന് വരുന്ന തുക വെള്ളക്കരം അടവാക്കുന്നതിനായി മാത്രം അടവാക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്ന സ്ഥലങ്ങളിൽ ചട്ടപ്രകാരമുള്ള സേവന നികുതി ചുമത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരിഗണിക്കേണ്ടതാണ്.

2. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷന്റെ 20.03.20 ലെ ഡിമാന്റ് നോട്ടീസ് നമ്പർ 3484 പ്രകാരം 54702 രൂപ കുടിശ്ശികയുണ്ടെന്നും, 15.03.21 ലെ ഡിമാന്റ് നോട്ടീസ് നമ്പർ 4045 പ്രകാരം 75881/- രൂപ കുടിശ്ശികയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ മാസവും അതാത് മാസത്തെ ഡിമാന്റ് തുക അടവാക്കുന്ന സാഹചര്യത്തിൽ ഇപ്രകാരം കുടിശ്ശിക വരുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഇു സംബന്ധിച്ച് 26.05.2022ന് നല്കിയ 45/26.05.2022 നമ്പർ എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്.

## 1-29 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 22000151 | 11.05.20 | മാതൃഭൂമി | 9172 |
| 2 | 22000255 | 03.06.20 | ,, ,, | 7166 |
| 3 | 22000270 | 16.06.20 | ,, | 5733 |

| | | | | |
|---|---|---|---|---|
| 4 | 22000271 | 16.06.20 | „ | 6804 |
| 5 | 22000335 | 08.07.20 | „ | 17640 |
| 6 | 22000372 | 27.07.20 | „ | 20580 |
| 7 | 22000462 | 21.08.20 | „ | 8820 |
| 8 | 22000569 | 28.09.20 | „ | 18632 |
| 9 | 22001035 | 07.01.21 | „ | 14553 |
| 10 | 22001380 | 19.03.21 | „ | 18844 |
| ആകെ | | | | 1,27,944 |

മേൽ സർക്കാർ ഉത്തരവ് പ്രകാരം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കകയോ, അല്ലാത്ത പക്ഷം ഭാവിയിലെ ബില്ലുകളിൽ ക്രമീകരിക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.36/26.05.2022)

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത)- പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) – 12/21 എന്ന പ്രൊജക്ട് പ്രകാരം 53 ഗുണഭോക്താക്കൾക്കായി 6,62,500- രൂപ (വികസന ഫണ്ട്) വൗച്ചർ നമ്പർ 22001316/30.01.2021 പ്രകാരം എസ്.എൽ.പി.ബി. ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം 3/2021 മുതൽ ആരംഭിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭാഗികമായി മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ കാലയളവ് |
|---|---|---|
| 1 | പാത്തുമ്മ, കൊങ്കാരത്തൊടി വീട്, ആറ്റൂർ | 3 മാസം |
| 2 | സുനിത.കെ., ചെമ്പൻതൊടി, കിള്ളിമംഗലം | 7 മാസം |
| 3 | പാർവതി അമ്മ, കൊക്കുരി വീട്, ഉദുവടി | 2മാസം |
| 4 | ദേവകി സി.എസ്. | 8മാസം |
| 5 | ലിസ്സി ജോയ്, നെടുമറ്റത്തിൽ | 11 മാസം |
| 6 | പ്രേമലത, മാങ്ങാട്ടുഞാലിൽ, പാഞ്ഞാൾ | 12മാസം |
| 7 | വിജയകുമാരി..സി.കെ, | 12 മാസം |
| 8 | അനിറ്റ സിനോജ്, നെടുമറ്റത്തിൽ | 12 മാസം |

മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ കൈമാറിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/24.05.22) മറുപടിയായി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും വിനിയോഗിക്കാത്ത തുക ഉണ്ടെങ്കിൽ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയില്ല.

അംഗൻവാടി പോഷകാഹാരം എന്ന പദ്ധതി പ്രകാരം അംഗൻവാടികളിലേക്ക് അമൃതം, ബാലാമൃതം എന്നീ ഭക്ഷണ പദാർത്ഥങ്ങൾ ദ്യശ്യം അമൃതം ഫുഡ് സപ്ലിമെന്റ് മങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ ജി.എസ്.ടി ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.
(1) പ്രൊജക്ട് നമ്പർ 40/2021 അംഗൻവാടി അനുപൂരകപോഷകാഹാരം (ജനറൽ)

| ക്രമ നം. | വൗച്ചർ നം. | തിയതി | തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | 22000765 | 26.05.2020 | 1,28,385 | ദ്യശ്യം അമൃതം ഫുഡ് സപ്ലിമെന്റ്, മങ്ങാട് |
| 2 | 22001422 | 22.06.2020 | 74,205 | “ |
| 3 | 22000790 | 11.08.2020 | 1,52,010 | “ |
| 4 | 22000807 | 22.09.2020 | 76,005 | “ |
| 5 | 22000885 | 25.10.2020 | 74,505 | “ |
| 6 | 22001324 | 06.02.2021 | 95,880 | “ |
| 7 | 22001041 | 12.01.2021 | 1,49,370 | “ |
| 8 | 22001373 | 07.03.2021 | 1,20,325 | “ |

(2) പ്രൊജക്ട് നമ്പർ 41/2021 അംഗൻവാടി അനുപൂരകപോഷകാഹാരം (എസ്.സി)

| ക്രമ നം. | വൗച്ചർ നം. | തിയതി | തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | 22001332 | 12.02.2021 | 1,94,095 | ദ്യശ്യം അമൃതം ഫുഡ് സപ്ലിമെന്റ്, മങ്ങാട് |
| 2 | 22001373 | 17.03.2021 | 50,000 | “ |

മേൽ സൂചിപ്പിച്ച പ്രകാരം ജി.എസ്.ടി ഇൻവോയ്സിന്റെ അഭാവത്തിൽ തുക അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (06/18.05.2022) മറുപടിയായി GST Notification No. 12/2017-Central Tax (Rate) Dtd. 28/06/2017 Entry 66 Clause(b) (Ii) പ്രകാരം പോഷകാഹാര വിതരണം സേവനമായി ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് ജി.എസ്.ടി ബിൽ നൽകാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടി ക്ലോസ് പ്രകാരം "Exempts Services Provided To An Educational Institution Of By Way Of Catering, Including Any Mid Day Meal Sponsored By Central / State/ Union Territories" എന്നാണ്. അതിനാൽത്തന്നെ ഈ വ്യവസ്ഥ പോഷകാഹാര വിതരണത്തിന് പ്രസക്തമല്ല. മേൽ സ്ഥാപനം മറ്റ് പഞ്ചായത്തുകളിലും സമാനമായ രീതിയിൽ പോഷകാഹാരം വിതരണം നടത്തുന്നുണ്ട്. ആയതിനാൽ സർക്കുലർ നം.18/2019/ഫിൻ തീയതി 01.03.2019 പ്രകാരം സാധുവായ ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്ന് മാത്രം സാധനങ്ങൾ വാങ്ങേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു നൽകി മൂന്ന് വർഷം പിന്നിട്ടിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി-ജനറൽ പ്രൊജക്ടിന്റെ ഗുണഭോക്താക്കളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ആദ്യ ഗഡുവായ 40,000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടും നാളിതു വരെ ഭവനനിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെയോ, പൂർത്തീകരിച്ചതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ പേജ് നമ്പർ | ആനുകൂല്യം കൈപ്പറ്റിയതിന്റെ വിവരം | |
|---|---|---|---|---|
| | | | തുക | തീയതി |
| 1 | നിശാന്തിനി ടി.പി. W/o പങ്കജാക്ഷൻ, പോഴത്തിൽ വീട്, വാർഡ്-14 | 36 | 40,000 | 12.10.2018 |
| 2 | സരിത W/o സജീവ്, ഞള്ളനാംകുഴിയിൽ വീട്, വാർഡ് -15 | 53 | 40,000 | 16.11.2018 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/24.05.22) മറുപടിയായി പണി പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ടാങ്കർ ലോറി കുടിവെള്ള വിതരണം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

വേനൽ കാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനായി 2020-21 വർഷത്തിൽ ടെണ്ടർ പ്രകാരം കരാർ എടുത്തിട്ടുള്ള ശ്രീ. മുഹമ്മദ് ഷെരീഫ്, തെരുവത്ത് വീട്, കിള്ളിമംഗലം എന്നയാൾക്ക് വൗച്ചർ നമ്പർ 22000264/08.06.20 (ചെക്ക് നമ്പർ- 256430/08.06.20) പ്രകാരം 3,40,748/- (3,44,190 – 3442 (I.T.- T.D.S) രൂപ നൽകിയിട്ടുണ്ട്. 02.03.2019ലെ സർക്കാർ ഉത്തരവ് (സാധാ)നം.500/2020/തസ്വഭവ, 27.02.2020ലെ സർക്കാർ ഉത്തരവ് (സാധാ)നം.494/2020/തസ്വഭവ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് കുടിവെള്ള വിതരണം നടത്തിയിരിക്കുന്നത്.

02.03.2019ലെ സർക്കാർ ഉത്തരവ് (സാധാ)നം.500/2020/തസ്വഭവ ഖണ്ഡിക: 4, 27.02.2020ലെ സർക്കാർ ഉത്തരവ് (സാധാ)നം.494/2020 /തസ്വഭവ ഖണ്ഡിക:3/20.03.2019 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ ഡി.എം.ബി.2/32/2019-ഡി.എം.ഡി. നമ്പർ ഖണ്ഡിക:8-9 എന്നിവ പ്രകാരം ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനവും, GPS ട്രാക്കിംഗിനുള്ള സംവിധാനവും കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാ തല മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്. GPS ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും 'ക്രോസ്ചെക്ക്' ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവുതുക വിനിയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നതാണ്. കുടിവെള്ള വിതരണ ടാങ്കറിൽ നിർദ്ദേശപ്രകാരം GPS ഘടിപ്പിച്ചതിന്റെ രേഖകളോ, GPS ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും പരിശോധിച്ചുറപ്പ് വരുത്തി കുടിവെള്ള വിതരണത്തിന്റെ തുക നല്കിയതിന്റെ വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.
രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവു ചെയ്ത ₹3,40,748/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.38/26.05.20222)

## 1-34 വാഹന ഇൻഷ്വറൻസ് സംബന്ധിച്ച് സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ വാഹനമായ KL-48K 3438 മഹേന്ദ്ര ബൊലേറോ ജീപ്പ് ഇൻഷ്വർ ചെയ്തിരിക്കുന്നത് നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിലാണ്. ഇൻഷ്വറൻസ് പ്രീമിയമായി 19,712/- രൂപ (വൗച്ചർ നം. 22000062 / 17.04.20) അടച്ചിട്ടുണ്ട്. എന്നാൽ 18.04.2000ലെ സർക്കാർ ഉത്തരവ് (പി)നം.819/2000/ധന. പ്രകാരം വാഹനങ്ങൾ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ ഇൻഷ്വർ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

2. 2019-20, 2020-21 വർഷങ്ങളിലെ വാഹനത്തിന്റെ ഇന്ധനക്ഷമത സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതാണ്.
(ഓഡിറ്റ് എൻക്വയറി നം.37/26.05.2022)

## 1-35 തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ ലക്ഷ്യം കാണുന്നില്ല

